സ്റ്റാമ്പുപേപ്പറുകൾ ട്രഷറിയിൽനിന്നും വാങ്ങേണമെങ്കിൽതന്നെ അതിൽ ആക്ഷേപം വരാൻ ഇടയില്ല.

ശ്രീ. രാമകൃഷ്ണൻ: അതേ അവസരത്തിൽ കൊച്ചിയിൽ കൂടുതൽ വിലയ്ക്കുള്ള സ്റ്റാമ്പുപേപ്പറുകൾ വില്ക്കുവാൻ വെണ്ടർമാരെ അനുവദിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിൽ അമ്പതു രൂപയും അതിനുമേലും വിലവരുന്ന മുദ്രപ്പത്രങ്ങളാണു ട്രഷറിയിൽനിന്നും വാങ്ങുന്നതു്. ഇതിലും പ്രധാനപ്പെട്ട പല കാര്യങ്ങളിലും സംയോജനം നടത്തിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ടു ഇക്കാര്യത്തിലും ശ്രദ്ധിച്ചിട്ടില്ലെന്നേയുള്ളു.

ശ്രീ. കുഞ്ഞൻനാടാർ: രജിസ്ട്രേഷൻ ഫീസ് ഇപ്പോൾ കൂട്ടിയിട്ടുണ്ടല്ലോ. അതനുസരിച്ചു സ്റ്റാമ്പുപേപ്പറുകൾ വില്ക്കുന്നതിൽനിന്നും ലഭിക്കുന്ന വരവും കൂടേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഒരു കാരണമായിരിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സ്റ്റാമ്പുപേപ്പർ വില്പന നടത്തിയ വകയിൽ എത്ര രൂപാ കൂടുതൽ ലഭിച്ചുവെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞു. ഇന്നു ബഹുമാനപ്പെട്ട മെമ്പറന്മാർക്കു തരുന്ന മെമ്മോറാണ്ടത്തിൽനിന്നു അതു മനസ്സിലാക്കുവാൻ കഴിയും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ തുക കൊടുത്തുകഴിഞ്ഞതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നടപടി അനുസരിച്ചു കൊടുത്തുകൊണ്ടിരിക്കുന്നു.

The question that a supplementary sum not exceeding Rs. 96,000 be granted under "IV. 9. Stamps A-Non- judicial Charges for the sale of stamps (Discount), 9. Stamps B- Judicial Charges for the sale of Stamps (Discount)", was put and carried.

The grant was made.

*Chief Minister* **(Shri A. J. John):** Sir, I do not move the supplementary demand—"25. General Administration A—President Heads of States Cabinet and Ministers (c) Government Hospitality Organization Contingencies—other contingencies".

## Demand XI-25. General Administration (c) Elections

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** Sir, under "25. General Administration (c) Elections (*a*) Other Election charges—Lump sum provision for election to Union Parliament", I move for a supplementary grant of Rs. 7,25,000.

ഈ സപ്ലിമെൻററി ഗ്രാൻറ വേണ്ടിവന്നതു താഴെ പറയുന്ന പരിതഃസ്ഥിതികളിലാണു്. നമ്മുടെ പൊതുതെരഞ്ഞെടുപ്പു നടത്തിയതു ൧൯൫൧ ഡിസംബർമാസത്തിലും, ൧൯൫൨ ജാനുവരിമാസത്തിലും ആണെന്നറിയാമല്ലോ. ആ പൊതുതെരഞ്ഞെടുപ്പ് ഈ വർഷത്തിലുണ്ടാകുമെന്നുള്ള പ്രതീക്ഷയനുസരിച്ചു കഴിഞ്ഞവർഷത്തിൽ, ൧൯൫൧ മാർച്ചുമാസത്തിൽ, ബഡ്ജറ്റുകൊണ്ടുവന്ന അവസരത്തിൽ ഇലക്ഷൻചെലവിനുവേണ്ടി കുറെ സംഖ്യ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. ആ സംഖ്യ കണക്കാക്കിയതു അതിനുമുൻപു തിരുവിതാംകൂറിലും കൊച്ചിയിലും തെരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

[Shri Panampilli Govinda Menon]

നടത്തിയ ചെലവുകളുടെ മാനദണ്ഡംവച്ചുകൊണ്ടാണ്. എന്നാൽ ഡിസംബർമാസത്തിൽ തെരഞ്ഞെടുപ്പുനടത്തിയ സമയം വന്നപ്പോഴേക്കും ഇൻഡ്യയിലെ ഇലക്ഷൻകമ്മീഷണറുടെ നിർദ്ദേശമനുസരിച്ചു പല വ്യത്യസ്ത പരിപാടികളോടുകൂടിയാണ് ഇലക്ഷൻ നടത്തേണ്ടിവന്നതു്.

**Shri E. P. Varghese:** Sir, on a point of information. Are we not taking up item No. 2 in the list of demands?

**Mr. Speaker:** The hon. Chief Minister has said that he is not moving that demand to-day.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഇലക്ഷൻ കമ്മീഷണറുടെ നിർദ്ദേശമനുസരിച്ചു ബഡ്ജററ തയാറാക്കിയപ്പോൾ ഉദ്ദേശിച്ചതിൽനിന്നും വളരെക്കൂടുതൽ ചെലവുചെയ്യേണ്ടതായിവന്നു. ഉദാഹരണമായി ഉരുക്കുകൊണ്ടുള്ള ബാലററപെട്ടികൾ വേണ്ടിവരുമെന്നു ബഡ്ജററ തയാറാക്കിയ സന്ദർഭത്തിൽ ഉദ്ദേശിച്ചിരുന്നില്ല. അതുപോലെ മററ പല കൂടുതൽ ചെലവുകളും ഉണ്ടായിട്ടുണ്ടു്. അവയെല്ലാം ബഡ്ജററ മെമ്മോറാണ്ടത്തിൽ വിശദമായി കാണിച്ചിട്ടുണ്ടു്. ഇലക്ഷൻ ചെലവു നടത്തേണ്ടതു വളരെ ആവശ്യമായിരുന്നതുകൊണ്ടു് ഈ ചെലവു ചെയ്തിട്ടുള്ളതുമാണു്. അതിനാൽ ഈ സംഖ്യ അനുവദിച്ചുതരുവാൻ സഭയോടു അപേക്ഷിക്കുന്നു.

ശ്രീ. ആർ. കേശവപിള്ള: മുൻപുള്ള മാതിരി മരംകൊണ്ടുള്ള പെട്ടികൾക്കുപകരം ഇത്തവണ ഉരുക്കുപെട്ടികൾ വേണമെന്നു തീരുമാനിക്കുവാനുള്ള കാരണമെന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉദ്ദേശം ൭൧ ലക്ഷം വോട്ടർമാർ പങ്കുകൊള്ളുവാനുദ്ദേശിക്കുന്ന ഈ തെരഞ്ഞെടുപ്പിൽ അനവധി പെട്ടികൾ ആവശ്യമുണ്ടെന്നുമാത്രമല്ല, അവ വളരെദൂരം കൊണ്ടുപോകേണ്ടതായും വരും. ഇലക്ഷൻകാലത്തു് എന്തെല്ലാം വഴക്കുകളാണുണ്ടാകുന്നതെന്നുള്ളതു അറിയാൻ നിവൃത്തിയില്ല. അതുകൊണ്ടു തീ കത്തിച്ചാൽ കത്താത്തതും, വെള്ളം തട്ടിയാൽ കേടുവരാത്തതുമായ ഉരുക്കുപെട്ടികൾതന്നെ വേണമെന്നു ഇലക്ഷൻ വളരെ ഭംഗിയായി നടത്തണമെന്നാഗ്രഹിക്കുന്ന ഇൻഡ്യയിലെ ഇലക്ഷൻ കമ്മീഷണർ തീരുമാനിച്ചു.

ശ്രീ. എൻ. രാഘവക്കുറുപ്പു്: പാർലിമെൻറിലേക്കുനടന്ന തെരഞ്ഞെടുപ്പിൻെറ ചെലവു സ്റ്റേററിൽനിന്നാണോ വഹിച്ചിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു പാർലമെൻറിലേക്കും സ്റ്റേററിലേക്കുമുള്ള തെരഞ്ഞെടുപ്പു ഒന്നിച്ചു നടത്തണം. തെരഞ്ഞെടുപ്പു ചെലവിൻെറ പകുതി ചെലവു. ഇൻഡ്യാ ഗവമ്മെൻറു് ഈ ഗവമ്മെൻറിനു തരും. ആദ്യം എല്ലാം ചെലവും സ്റ്റേററുതന്നെ വഹിക്കണം.

**Shri P. S. Nataraja Pillai:** May I know the original amount in the budget under this item?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഈ മെമ്മൊറാണ്ടത്തിൽ തന്നെ പറഞ്ഞിട്ടുണ്ടു്. ഒറിജിനൽ ഗ്രാൻറു് ൮, ൭൩, ൯൦൦ രൂപയാണു്.

**Shri P. S. Nataraja Pillai:** Was it not a lump sum provision of Rs. 8 lakhs in the budget?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ലല്ലോ.

**Shri P. S. Nataraja Pillai:** Was it not stated in the budget that 50 per cent of the amount would be recovered from the Central Government?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ശരിയാണ്. ഇപ്പോഴും അതുതന്നെയാണ് പറയുന്നതു്. ആകെവരുന്ന ചെലവു ഇൻഡ്യാ ഗവൺമെന്റ ആഡിററ ചെയ്തതിനുശേഷം, അതിന്റെ പകുതി നമുക്കു തരും. എന്നാൽ ആദ്യമെ സ്റ്റേററ ഗവൺമെന്റതന്നെ ചെലവു ചെയ്യണം. അതിനു നിയമസഭയുടെ വോട്ടുവേണം. ഇൻഡ്യാഗവൺമെന്റിൽനിന്നും പകുതി പണം കിട്ടുമ്പോൾ അതു് റവന്യൂ ഇനത്തിൽ വരവായി ബഡ്ജററിൽ ചേർക്കും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ മൂന്നുലക്ഷത്തി തൊണ്ണൂററായിരം രൂപാ മിസിലേനിയസ് എക്സ്പെൻറിച്ചർ എന്നുള്ളതു് എന്താണെന്നു വ്യക്തമാക്കിയാൽ കൊള്ളാം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു പോലീസുകാരുടെ ബാററാ, പിന്നെ അവരുടെ ട്രാൻസ്പോർട്ടിനുള്ള ചെലവുകൾ, ഡെയിലി അലവൻസ് മുതലായവക്കുവേണ്ടിയുള്ളതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതു പോലീസുകാർക്കുള്ള പ്രത്യേകം അലോട്ടുമെൻറിൽ പെടുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ഇനത്തിൽ പോലീസുകാരുടെ ടി. എ., ഡി. എ. മുതലായവമാത്രമാണ് പെടുന്നതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ മിസിലേനിയസ് എക്സ്പെൻറിച്ചർ എന്ന ഇനത്തിൽ പോലീസുകാരുടെ ചെലവുകൾ മാത്രമാണോ അതോ സൂപ്പീരിയർ ആഫീസേഴ്സിന്റെ ചെലവുകളും ഉൾപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഉൾപ്പെടും.

ശ്രീ. ഒ. സി. നൈനാൻ: ഈ ട്രാവലിംഗ് അലവൻസ് മുതലായ ഇനങ്ങളിൽ ഇത്രയധികം തുക ചെലവാകാൻ പ്രത്യേക കാരണങ്ങൾ വല്ലതും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കഴിഞ്ഞ എലക്ഷൻ പുതിയ ഭരണഘടന ഉണ്ടായതിനുശേഷമുള്ള ആദ്യത്തെ എലക്ഷനാകയാൽ അതു എത്രയും മാതൃകാപരമായും ആദർശപരമായും കാര്യക്ഷമമായും നടത്തണമെന്നുള്ള വിചാരത്താൽ മോക്ക എലക്ഷൻസു നടത്തുകയും കൂടാതെ ഉദ്യോഗസ്ഥന്മാർ പോളിംഗ് ഉദ്യോഗസ്ഥന്മാർക്കും മററും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനു ക്ലാസുകൾ നടത്തുകയും മററും ചെയ്യേണ്ടിവന്നു. അതിലേയ്ക്കു കൂടുതലായി ചെലവുകൾ ഉണ്ടായിട്ടുണ്ട്.

**Shri P. Ramaswami Pillai:** May I know what is the actual expenditure under allowances referred to here?

**Shri Panampilli Govinda Menon:** It is only a detail.

**Shri M. William:** May I know whether separate accounts are kept for each item of expenditure?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എങ്ങിനെയാണ് സ്പ്ലിററ് ചെയ്തിരിക്കുന്നതെന്നു പോലീസ് ഡിപ്പാർട്ടുമെന്റിലെ ബഡ്ജററിൽനിന്നും കാണാവുന്നതാണ്.

ശ്രീ. രാജഗോപാലൻ നായർ. ബഹുമാനപ്പെട്ട മന്ത്രിമാരുടെ എലക്ഷൻ സംബന്ധിച്ചുള്ള ചെലവുകൾ കൂടി ഇതിൽവരുമോ?

LIBRARY ARCHIVES Kerala Legislative Assembly

Page 4 of 7

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. രാജഗോപാലൻ നായർ: ഈ എലക്ഷൻ ജോലിക്കു പോയിട്ടുള്ള എൻ. ജി. ഒ. മാരുടേയും അലവൻസുകൾകൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. രാജഗോപാലൻ നായർ: അതു് ഇതുവരേയും അനേകംപേർക്കു കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാവർക്കും ഇതിനകം കിട്ടിയിട്ടില്ലായിരിക്കാം. വല്ല കാരണങ്ങളാലും അവർക്കു കിട്ടിയിട്ടില്ല എന്നറിയിക്കുകയാണെങ്കിൽ അതിനുള്ള വഴികൾ ചെയ്തുകൊടുക്കാം.

ശ്രീ. രാജഗോപാലൻ നായർ: പോലീസ് ഡിപ്പാർട്ടുമെൻറിൽ തന്നെ ഇതുവരെ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ. അതിലേയ്ക്കുള്ള തുക അലോട്ടു ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീ. വറഗീസ്: എലക്ഷൻ ആവശ്യത്തിലേയ്ക്കു സ്റ്റേററുകാർ ഉപയോഗിച്ചതിനുള്ള ചെലവ് എതിനത്തിലാണ് ഉൾപ്പെടുത്തീട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ചോദിച്ചതു് വളരെ സന്തോഷമാണ്. ഗവൺമെൻറിൻെറ ചെലവുകൾ ഏതു വിധത്തിലാണ് ചെയ്യുന്നതെന്നു അറിയണമെന്നുള്ള സാധാരണ വിചാരത്തോടുകൂടി അങ്ങിനെ ചോദ്യം ചോദിക്കുകയാണെന്നു ഞാൻ വിചാരിക്കുന്നു. സാധാരണയായി മന്ത്രിമാർ സ്റ്റേററുകാർ ഉപയോഗിക്കുന്നതിലേയ്ക്കു ൨൧൫ രൂപാ പെട്രോളിനും മററു ചെലവുകൾക്കുമായി അനുവദിച്ചിട്ടുണ്ട്. വേറെ അലവൻസുകളൊ മറെറാന്നുമൊ കൊടുക്കുന്നില്ല.

ശ്രീ. വറഗീസ്: എലക്ഷൻ സംബന്ധിച്ച് സ്റ്റേററുകാർ ഉപയോഗിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഉപയോഗിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. എം. എം. അബ്ദുൾഖാദർ: ആലുവായിൽ തെരഞ്ഞെടുപ്പു സംബന്ധിച്ച് സ്റ്റേററുകാർ ഉപയോഗിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: എലക്ഷൻ പ്രചരണത്തിനായി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡൻറ് ഈ സംസ്ഥാനത്തു സഞ്ചാരം നടത്തിയതിനുള്ള ചെലവ് ഇതിൽ ഉൾപ്പെടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീർച്ചയായും ഇല്ല.

**Shri A. Samraj:** Will the Minister kindly explain this point for the information of the members?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വക ചെലവുകൾ മക്കൈ ചെക്കുകളും ആഡിററിംഗ് എല്ലാം കഴിഞ്ഞതാണു ചെലവു ചെയ്യുന്നതു്. ചെലവു ചെയ്യുന്ന ആൾ പണം കാണുന്ന പതിവുമില്ല. ഡിപ്പാർട്ടുമെൻറലായും ചെക്കുകളും ആഡിററിംഗ് എല്ലാം നടത്തുന്നുണ്ട്. ഇങ്ങിനെ ചോദിച്ചതിൽ ഞാൻ ആക്ഷേപമുള്ളതായിട്ടല്ലാ പറഞ്ഞതു്. ഇതിനുത്തരവാദിത്വമുള്ള ഓഫീസറന്മാർക്ക് അലോട്ടുമെൻറായി കൊടുക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള: ഈയാണ്ടത്തെ ബഡ്ജററിൽ ഉള്ള എൻട്രീസും ഇപ്പോൾ ചോദിക്കുന്ന തുകയും തമ്മിൽ എങ്ങിനെ യോജിക്കും എന്നുള്ളതു് അറിയുന്നതിനാണ്—

ശ്രീ. എൻ. രാഘവക്കുറുപ്പു്: സർ, ഒരു പായിൻറു് ഓഫ് ഓർഡർ ബാക്കിയുള്ള ആളുകൾക്കുകൂടി കേൾക്കത്തക്കവിധത്തിൽ സംസാരിക്കുന്നതിനു ഏർപ്പാടു ചെയ്താൽ കൊള്ളാം.

**Mr. Speaker:** I would request the hon. Members to speak as loud as possible.

**Shri Panampilli Govinda Menon:** May I tell the arrangement which the Government has in view in respect of this matter. As soon as the Ministry was formed Government wanted to provide loud speaker arrangement to every hon. Member of the House. The Chief Engineer was called in the hall and was asked whether he could make that arrangement before the 24th March according to the revised date of meeting. He regretted his inability to make this arrangement now. But before the next Session commences he has agreed to fit up that kind of arrangement. In these circumstances it is the request of Government that hon. Members of this House would tolerate accoustic difficulty till this session runs out.

ശ്രീ. എം. എം. അബ്ദുൾഖാദർ: നാല്പത്തിനാലു് അംഗങ്ങൾ ഉള്ള കോൺഗ്രസ്സ് കക്ഷിക്കു് ആദ്യത്തെ മൂന്നു സീററു കൊടുത്തിട്ടുണ്ടു്. എന്നാൽ പതിനൊന്നംഗങ്ങൾ ഉള്ള ഇൻഡിപ്പെൻഡൻറു് പാർട്ടിക്കു് ഒരൊററ സീററുപോലും മുൻപിൽ കൊടുത്തിട്ടില്ല എന്നുള്ള അനൗചിത്യത്തെ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

**Mr. Speaker:** At present seating arrangements are made according to the accommodative condition of the House and it is not finally settled by me. However, it will be my endeavour to see whether any better arrangement could not be made.

ശ്രീ. എ. താണുപിള്ള: ഇക്കൊല്ലത്തെ ബഡ്ജററു് ൪൯-ാം വശത്തു് ഇങ്ങിനെയാണു പറഞ്ഞിരിക്കുന്നതു്. ആകെ കൂടി ഒൻപതുലക്ഷത്തി പതിമൂവ്വായിരത്തിതൊള്ളായിരം രൂപയാണു പ്രൊവിഷനുള്ളതു്. അതിൽ നാലു ലക്ഷം ഇൻഡ്യാ ഗവണ്മെൻറിൽനിന്നും തരുമെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ അതിനുമുകളിൽ വേറൊരിനമായി ചോദിച്ചിരിക്കുന്നതു് ഒരു എട്ടുലക്ഷത്തോളം രൂപയാണ്. അപ്പോൾ നമുക്കിതുവരെ ഒൻപതുലക്ഷത്തി പതിമൂവ്വായിരത്തി തൊള്ളായിരത്തോളം രൂപാ മാത്രമെ ചെലവായിട്ടുള്ളോ, അതോ പതിമൂന്നുലക്ഷം ചെലവായിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ബഡ്ജററു് പ്രിപ്പയർചെയ്ത അവസരത്തിൽ എലക്ഷൻെറ കാര്യങ്ങൾ എല്ലാംതന്നെ വ്യക്തമായി തീരുമാനിച്ചിരുന്നില്ല. അതായതു് ഇൻഡ്യാ ഗവമ്മെൻറിൽനിന്നും യൂണിയൻ പാർലിമെൻറിലേയ്ക്കുള്ള തെരഞ്ഞെടുപ്പു നടത്തുന്നതിനുള്ള ചെലവുകൾ മാത്രമേ വഹിക്കുകയുള്ളോ എന്നും സ്റ്റേററു് അസംബ്ലിക്കുള്ള തെരഞ്ഞെടുപ്പുകൾ അതാതു ഗവണ്മെൻറുകൾതന്നെ വഹിക്കണമോ എന്നും തീരുമാനിച്ചിരുന്നില്ല. എന്നാൽ പിന്നീടു് ഒരു എലക്ഷൻ പ്രോസസ്സുകൊണ്ടു് അസംബ്ലിയിലേയ്ക്കും പാർലമെൻറിലേയ്ക്കും ഉള്ള തെരഞ്ഞെടുപ്പു് നടത്തണമെന്നും അതിലേയ്ക്കു് ആകെയുള്ള ചെലവിൽ പകുതി തരു

LIBRARY ARCHIVES Kerala Legislative Assembly

[Shri Panampilli Govinda Menon]

മെന്നും വിചാരിച്ചു. അതനുസരിച്ചു് അന്നു് നാലുലക്ഷമാണു കിട്ടുമെന്നു ആൻറിസിപ്പേററു ചെയ്തതു്.

ശ്രീ. എ. താണുപിള്ള: യൂണിയൻ പാർലമെൻറിൽനിന്നും എലക്ഷൻ ചെലവിലേയ്ക്കു് നാലു ലക്ഷം രൂപാ തരാം എന്നു പറഞ്ഞ അവസരത്തിൽ ഈ എലക്ഷൻ പ്രോസസ്സ് എന്താണെന്നു തീരുമാനിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്നു മുഴുവൻ തീരുമാനിച്ചു കഴിഞ്ഞിട്ടില്ല. പിന്നീടു് യൂണിയൻ പാർലിമെൻറിലേയ്ക്കുള്ള എലക്ഷൻ ചെലവും സ്റ്റേററ് അസംബ്ലിക്കുള്ള എലക്ഷൻ ചെലവും ഒട്ടാകെ ഒന്നിച്ചു് കണക്കാക്കി റെപ്രസെൻേറഷൻ ഓഫ് പീപ്പിൾസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചു് ഒന്നായി ഒരേ അവസരത്തിൽ നടത്തി അതിലേയ്ക്കു നേരിടുന്ന ചെലവിൻെറ പകുതി തരാമെന്നു തീരുമാനിക്കുകയും ചെയ്തു.

ശ്രീ. എ. താണുപിള്ള: അപ്പോൾ യൂണിയനിൽനിന്നും എട്ടുലക്ഷത്തി പതിമൂവ്വായിരം രൂപാ മാത്രമേ കിട്ടുകയുള്ളോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ എത്ര കിട്ടുമെന്നു ശരിയായി അറിഞ്ഞുകൂടാ.

ശ്രീ. എ. താണുപിള്ള: നമുക്കിപ്പോൾ എത്ര രൂപാ കിട്ടുമെന്നു പറയാൻ സാധിക്കുകയില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആകെയുള്ള ചെലവിൽ പകുതി കിട്ടും.

ശ്രീ. എ. താണുപിള്ള: ഈ തുക ആരാണു അനുവദിക്കുന്നതു്? കേന്ദ്ര എലക്ഷൻ ആഫീസറാണോ അതോ ഈ ഗവമ്മെൻറാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഈ ഗവമ്മെൻറിൻെറ റെസ്പോൺസിബിലിററിയാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ: വളരെ മാതൃകാപരമായി എലക്ഷൻ നടത്തിയതിലേയ്ക്കായിട്ടാണു് ഈ ഏഴുലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപാ ചെലവാക്കിയതെന്നുപറഞ്ഞു. എന്നാൽ എലക്ഷൻ വളരെ അനീതിപരമായിട്ടാണു നടന്നതെന്നും വളരെ അധികം ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും ഗവണ്മെൻറിനറിയാമോ? അങ്ങിനെയുണ്ടായിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുന്നപക്ഷം അതു പരിഹരിക്കാൻ തയാറാവുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വലിയ ക്രമക്കേടുകൾ ഒന്നും നടന്നിട്ടുള്ളതായി ഗവമ്മെൻറിനറിവില്ല. അങ്ങിനെ ക്രമക്കേടുകൾ ഉണ്ടായി എന്നു ബോദ്ധ്യമാകുന്ന പക്ഷം അതു പരിഹരിക്കുന്നതുമാണു്. എലക്ഷൻ ഒരു നൂറു ശതമാനവും മാതൃകാപരമായിട്ടാണു നടന്നതെന്നതിനർത്ഥമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഇതു സംബന്ധിച്ചു് കുറെ സംഖ്യ സപ്ലിമെൻററി ഗ്രാൻറായി അനുവദിച്ചുതെന്നാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പറയാം. അതു കഴിഞ്ഞ സെഷനിലാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: അതു് ഏതു മാസത്തിലാണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെൻറിനു ഈ ഇനത്തിൽ പ്രതീക്ഷയിൽ കൂടുതലായി വരുമാനമുണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉദ്ദേശം അൻപതിനായിരം രൂപാ കിട്ടിട്ടുണ്ട്. കെട്ടിവെച്ച സംഖ്യ പോയതുകൊണ്ട് കുറച്ചു സംഖ്യ വരുമാനമുണ്ടായിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സെൻട്രൽ ഗവണ്മെൻറിൽനിന്നും കിട്ടാവുന്ന സംഖ്യ എന്നു കിട്ടും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഇതിൻെറ ആഡിററു കഴിഞ്ഞു കിട്ടുന്നതാണ്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇലക്ഷൻ കഴിഞ്ഞതിനു ശേഷം ഈ പെട്ടികൾ കൊണ്ടെന്തുപയോഗമാണ്.?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് അടുത്താവശ്യം വരും.

The question that a supplementary sum not exceeding Rs. 7,25,000 be granted under "XI 25. General Administration (c) Elections (a) Other Election Charges—Lump sum provision for election to Union Parliament", was put and carried.

The grant was made.

## Demand XIV—Jails and Convict Settlements

*Minister for Home Affairs* (Shri T. M. Varghese): Sir, under Demand XIV—28. Jails and Convict Settlements—I move for a Supplementary Grant of Rs. 50,000.

ഒരു സാങ്കേതിക തടസ്സംകൊണ്ടുമാത്രമാണ് ഈ സപ്ലിമെൻററി ഗ്രാൻറ ഇവിടെ അവതരിപ്പിക്കാൻ ഇടവന്നിട്ടുള്ളതു്. ഡെററ് ഹെഡിൽ കൊള്ളിച്ചിരിക്കുന്ന ഈ തുക, അതായതു്, ഡെഡ്ഹെഡിൽ കൊള്ളിച്ചിരിക്കുന്ന വരവുചെലവുകളിൽ വരവ് എന്നുതന്നെയായിരുന്നാലും ചെലവിനെ സംബന്ധിച്ചിടത്തോളംഉള്ള തുക ഈ സഭ മുമ്പാകെ അവതരിപ്പിച്ച് പാസാക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ട് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ൫൦,൦൦൦ രൂപയുടെ ഈ സപ്ലിമെൻററി ഗ്രാൻറ് പാസാക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ ഇനത്തിലുള്ള വരവ്, ചെലവിനെക്കാൾ കൂടുതലോ, കുറവോ എന്നുള്ളതു് എങ്ങിനെ മനസിലാക്കാൻ സാധിക്കും?

ശ്രീ. ടി. എം. വർഗീസ്: ചെലവിനെപ്പററിയുള്ള തുകയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. വരവ് എന്നുതന്നെയായിരുന്നാലും അതു സഭയുടെ മുമ്പാകെ കൊണ്ടുവരേണ്ട ആവശ്യമില്ല. എന്നാൽ ഇവയുടെ വരവുചെലവുകളെപ്പററി ബഡ്ജററിൽ വിശദീകരിച്ചിട്ടുണ്ട്. ബഡ്ജററു നോക്കുന്നപക്ഷം മനസിലാക്കാൻ സാധിക്കുന്നതാണ്.

ശ്രീ. ആർ. കേശവപിള്ള: ഈ 'ജയിൽസ്' എന്നു പറഞ്ഞിരിക്കുന്നതു് എവിടെയെല്ലാമുള്ള ജയിലുകളെപ്പററിയാണ്.

ശ്രീ. ടി. എം. വർഗീസ്: തിരുവനന്തപുരത്തും വിയ്യൂരുമുള്ള സെൻട്രൽ ജയിലുകൾ.

LIBRARY ARCHIVES Kerala Legislative Assembly